തുകൊണ്ട് കഴിഞ്ഞ ഏതാനും മാസങ്ങൾ കൊണ്ട് പാലത്തിന്റെ മുകളിൽ ഒരു കോൺക്രീറ്റ് bearing coat ഏതാണ്ട് പൂർണ്ണമായിട്ട് പൊളിഞ്ഞു. പാലത്തിന്റെ മൂന്ന്, നാല്, അഞ്ച് എന്നീ സ്പാനുകളിൽ അസാധാരണമായ കുലുക്കവും അനുഭവപ്പെടുന്നു. പാലത്തിന്റെ ഡക്കുഭാഗം. താഴെയുള്ള ഗർഡറിൽ ഇടിക്കുന്ന മുഴക്കം കേൾക്കുന്നുണ്ട്. ഇത് പാലത്തിന്റെ ബീം, ബിയറിംഗ് എന്നിവയ്ക്ക് സ്ഥിരമായ കേടുപാടുകൾ ഉണ്ടാക്കുന്ന ഗുരുതരമായ സ്ഥിതിവിശേഷം ഉണ്ടാക്കുന്നു. പാലത്തിൽക്കൂടി ഗതാഗതം അനുവദിച്ചാൽ ഈ bearing coat നന്നാക്കുന്നതിനോ, കുഴികൾ അടയ്ക്കുന്നതിനോപോലും അസാദ്ധ്യമായിത്തീരുന്നതാണ്. പാലം അപകടത്തിൽ ആയതു കാരണം പാലത്തിൽക്കൂടിയുള്ള ട്രാഫിക്കിന് എത്രയുംപെട്ടെന്ന് നിയന്ത്രണം ഏർപ്പെടുത്തണമെന്ന് വിദഗ്ദ്ധമായ ഒരു സമിതി റിപ്പോർട്ടു ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ 21-6- 1999-ൽ തൃശ്ശൂർ തന്നെ കൂടി ഇതിന് ഒരു തീരുമാനം എടുത്തു. അപ്പോൾ നിയന്ത്രണം ഏർപ്പെടുത്തണ്ടേ? ഞാൻ എന്റെ സ്വാതന്ത്ര്യം കൂടി എടുത്ത് അല്പം ഇവിടെ പറഞ്ഞു. ലൈറ്റ് വെഹിക്കിൾസ് മാത്രമേ പോകാവൂ. ആളിറക്കിയാണ് ബസ്സുകളും പോകേണ്ടത് എന്നുപറഞ്ഞപ്പോൾ, ആളെ ഇറക്കാതെ ഒറ്റ വരിയായി വണ്ടി വിടുക എന്നതു വന്നു. (ആളെ ഇറക്കാതെ ബസ്സിൽ പോകാൻ സാദ്ധ്യമാകുമോ!) അന്ന് അവർ ഏകദേശം ഒന്നു സമ്മതിച്ചു. അതു മാത്രമാണ് സമ്മതിച്ചിരിക്കുന്നത്. അപ്പോൾ ലൈറ്റ് വെഹിക്കിൾസും ബസ്സുകളും, ആള് കയറ്റിയ ബസ് ഉൾപ്പെടെ, അതിലേ ഒറ്റ വരിയായി പോകുക ഇതാണ് നിയന്ത്രണം ഏർപ്പെടുത്തുന്നത്. ഇതു ചെയ്യണ്ടേ? ജൂലൈ ഒന്നു മുതൽ ഇതാണ് ചെയ്യാൻ തീരുമാനം. തീരുമാനങ്ങൾ ഇതാണ് ഒന്ന്, ജനങ്ങളുടെ സുരക്ഷിതത്വം ഏറ്റവും പ്രാധാന്യമുള്ള കാര്യമല്ലേ? പാലത്തിന് കൂടുതൽ കേടുപാടുകൾ സംഭവിക്കാതിരിക്കാൻ എത്രയും പെട്ടെന്ന് ഹെവി വെഹിക്കിൾസിന്റെ ഗതാഗതം നിർത്തിവയ്ക്കുക. രണ്ട്, പാലത്തിൽക്കൂടി ലൈറ്റ് വെഹിക്കിൾസും, പാസഞ്ചർ ബസ്സും ഒറ്റ വരിയായി മാത്രം പോകാൻ അനുവദിക്കുക. മൂന്ന്, മേൽപ്പറഞ്ഞ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതിനു ജില്ലാ തഹസീൽദാരുടെ സഹായം ആവശ്യപ്പെടുക. നാല്, ആവശ്യമായ ബാരിക്കേഡുകളും, ടൈം ബോർഡുകളും ഉടനടി സ്ഥാപിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുക. അഞ്ച്, നിയന്ത്രണം സംബന്ധിച്ചുള്ള നോട്ടീസ് നേരത്തെ തന്നെ മാദ്ധ്യമങ്ങളിൽ കൊടുക്കുക. ആറ്, പാലത്തിന്റെ ഉപരിതലം ഗതാഗതയോഗ്യമാക്കുക. ഏഴ്, പാലത്തിൽക്കൂടിയുള്ള വാഹനങ്ങളുടെ വേഗത മണിക്കൂറിൽ 20 കിലോമീറ്ററായി നിയന്ത്രിക്കുക. എട്ട്, പാലത്തിന്റെ റിപ്പയറിംഗ്വർക്ക് എത്രയുംവേഗം തുടങ്ങണം. പക്ഷെ അത് തുടങ്ങുന്നത് ഡിസംബർ മാസത്തിലേക്ക് മതി എന്നാണ്. ഇപ്പോൾ ഇത്രയും വെള്ളം ഉയർന്നു നിൽക്കുമ്പോൾ ആറ്റിൽ എന്തെങ്കിലും ചെയ്യാൻ പറ്റുമോ? ആറ്റിൽ അതിനുള്ള ഒരു പാരലൽ റോഡുകൂടി ഉണ്ടാക്കുന്നുണ്ട്. അത് ചെയ്യിക്കുക എന്നുള്ളതാണ്. ഈ തീരുമാനമല്ലേ നമുക്ക് ചെയ്യാൻ കഴിയുകയുള്ളൂ.

(7) പ്രീഡിഗ്രി, ഹയർ സെക്കന്ററി കോഴ്സുകൾക്ക് അപേക്ഷിക്കുന്നതിനുള്ള സമയം ദീർഘിപ്പിക്കൽ

<u>ശ്രീ. എം. മുരളി</u> : നമ്മുടെ ഈ അദ്ധ്യയനവർഷം പ്രീഡിഗ്രി കോഴ്സുകൾക്കും പ്ലസ് ടു കോഴ്സുകൾക്കും യഥാസമയം സർവകലാശാലകളും ഹയർ സെക്കന്ററി ഡയറക്ടറേറ്റും നിശ്ചയിച്ച യൂണിഫോം അല്ലാതിരുന്ന ഡേറ്റുകൾ കാരണവും ജൂൺ 7-ാം തീയതി ആരംഭിച്ച പ്രക്യതിക്ഷോഭം കാര

LIBRARY ARCHIVES Kerala Legislative Assembly

ണവും നമ്മുടെ പല പ്ലസ് ടൂ ഹയർ സെക്കന്ററി വിദ്യാലയങ്ങൾ ദുരിതാശ്വാസ ക്യാമ്പുകളായി മാറിയ സാഹചര്യത്തിലും, അപേക്ഷ സമർപ്പിക്കാൻ കഴിയാതെപോയ വിദ്യാർത്ഥികൾക്ക് ഒരു ഡേറ്റുകൂടി നൽകണമെന്ന ആവശ്യമാണ് ഞാൻ വിദ്യാഭ്യാസ മന്ത്രിയുടെ മുമ്പിൽ വയ്ക്കുന്നത്.

മി. സ്പീക്കർ : ജൂൺ 30 വരെ അല്ലേ?

ശ്രീ. എം. മുരളി : ജൂൺ 30 എന്നുപറഞ്ഞു, എന്തായാലും ജൂൺ 30 വരെ വേണമെന്ന് എനിക്ക് അഭിപ്രായമില്ല. അപേക്ഷ സമർപ്പിക്കാൻ കഴിയാതെപോയ നിരവധി വിദ്യാർത്ഥികളും അവരുടെ മാതാപിതാക്കളും നെട്ടോട്ടം ഓടുകയാണ്. അതിൽ ഏറ്റവും വലിയ ക്രൂരത കാണിച്ചത് എം.ജി. യൂണിവേഴ്സിറ്റിയാണ്, 524 ഹയർ സെക്കന്ററി സ്കൂളുകളിൽ ആദ്യമായിട്ടാണ് പ്ലസ് ടൂ കോഴ്സുകൾക്കുള്ള അപേക്ഷ ക്ഷണിക്കുന്നത്. കഴിഞ്ഞവർഷം ആരംഭിച്ചതല്ലേയുള്ളൂ. പ്ലസ്ടൂവിന് ഹയർ സെക്കന്ററി ഡയറക്ടറേറ്റ് 19-ാം തീയതി വരെയാണ് സമയം കൊടുത്തത്. ഒരു കാര്യം ഓർക്കണം, 7-ാം തീയതി പ്രളയക്കെടുതികൾ ആരംഭിച്ച് 8-ാം തീയതി മുതൽ എന്റെ ജില്ലയായ ആലപ്പുഴയിലും പത്തനംതിട്ടയുൾപ്പെടെയുള്ള ജില്ലകളിലും ഹയർ സെക്കന്ററി വിദ്യാലയങ്ങളിൽ ദുരിതാശ്വാസ ക്യാമ്പുകൾ ആരംഭിച്ചു. ക്യാമ്പ് പിരിച്ചുവിട്ടത് 18-ാം തീയതിയും 19-ാം തീയതിയുമായിട്ടാണ്. പ്ലസ് ടൂ ഡയറക്ടറേറ്റ് (ഹയർ സെക്കന്ററി ഡയറക്ടറേറ്റ്) പ്ലസ് ടൂ കോഴ്സുകൾക്ക് അപേക്ഷ കൊടുക്കാനുള്ള ഡേറ്റ് പറഞ്ഞത് 19-ാം തീയതി വരെയാണ്. കേരള യൂണിവേഴ്സിറ്റി പ്രീഡിഗ്രി കോഴ്സുകൾക്ക് 21-ാം തീയതി വരെ സമയം നൽകിയപ്പോൾ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി കഴിഞ്ഞാഴ്ച പ്രളയക്കെടുതി മൂർദ്ധന്യാവസ്ഥയിൽ ഇരിക്കുന്ന 16-ാം തീയതി ബുധനാഴ്ചവരെയാണ് സമയം കൊടുത്തത്. അതുകൊണ്ട് എം.ജി. യൂണിവേഴ്സിറ്റി പോലെയുള്ള യൂണിവേഴ്സിറ്റികളിൽ പ്രീഡിഗ്രിക്ക് അപേക്ഷ സമർപ്പിക്കാൻ നമ്മുടെ കുട്ടികൾക്ക് കഴിഞ്ഞില്ല. സർ, ഇക്കാര്യത്തിൽ ഗവണ്മെന്റ് ഇടപെടണം. സർവകലാശാലയുടെ സ്വയംഭരണത്തിന്റെ പ്രശ്നമല്ല. ഒരു സാവകാശംകൂടി നൽകണം. നിരാശരായി കഴിയുന്ന വിദ്യാർത്ഥികൾക്ക് പ്ലസ് ടൂ-വിനും പ്രീഡിഗ്രിക്കും അപേക്ഷ സമർപ്പിക്കാൻ ഒരു ഡേറ്റ് കൂടി നൽകണം. ഇപ്പോൾ അടിയന്തിരമായി ഒരു പ്രഖ്യാപനം നടത്തണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഈ ക്ലാസുകൾ സമയത്തിനു തുടങ്ങണമെന്നുള്ളത് വലിയ ഒരു ആവശ്യമായിരുന്നു. കഴിഞ്ഞവർഷം താമസിച്ചുപോയി എന്നുള്ളതായിരുന്നു പരാതി. അതുകൊണ്ട് ഇത്തവണ പ്ലസ് ടൂ കോഴ്സുകളുടെ ലാസ്റ്റ് ഡേറ്റ് ഓഫ് ആപ്ലിക്കേഷൻ 19 ആയിരുന്നു. ഇവിടെ ചൂണ്ടിക്കാണിച്ച ഒരു അപാകത: മറ്റ് യൂണിവേഴ്സിറ്റികളിൽ, കേരളയിലും കാലിക്കട്ടിലും, 22-ാം തീയതി വരെയായിരുന്നു. എം.ജി. യൂണിവേഴ്സിറ്റിയിൽ 16-ാം തീയതി വരെയേ ഉണ്ടായിരുന്നുള്ളൂ. ഇന്നിപ്പോൾ 24-ാം തീയതി ആയി. ഇനിയിപ്പോൾ അപേക്ഷാത്തീയതി നീക്കുകയെന്നു പറഞ്ഞാൽ അതനുസരിച്ച് ക്ലാസുകൾ തുടങ്ങുന്നത് അത്രയും നമ്മൾ വൈകിക്കുകയാണ്. അതുകൊണ്ട് ഇങ്ങനെ ബുദ്ധിമുട്ട് ഉണ്ടായ വിദ്യാർത്ഥികളുടെ അപേക്ഷകൾ സ്വീകരിക്കുന്നത് സംബന്ധിച്ച്-- ഒന്നാമതായി യൂണിവേഴ്സിറ്റിയുടെ കാര്യം എനിക്കു ഇവിടെ നിന്ന് പ്രഖ്യാപിക്കാൻ പറ്റില്ല. എം.ജി. യൂണിവേഴ്സിറ്റിയുടെ ഡേറ്റിനെപ്പറ്റിയാണ് പ്രധാനമായി ആക്ഷേപം ഉന്നയിച്ചത്. ഈ കാര്യത്തിൽ യൂണിവേഴ്സിറ്റിയുമായി ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെടാം. ഇതുസംബന്ധിച്ച് പ്രായോഗികമായിട്ട് എന്തുചെയ്യാൻ കഴിയുമെന്നുള്ളതിനെപ്പറ്റി ഞാൻ അടിയന്തിരമായിട്ട് ബന്ധപ്പെടുന്നതാണ്.

(8) തിരുവനന്തപുരം നഗരത്തിലെ റോഡുവക്കിലും പുറമ്പോക്കുകളിലും നിന്ന് ഒഴിപ്പിക്കപ്പെട്ട ബങ്കു കടക്കാരുടെ പുനരധിവാസം

ശ്രീ. ബി. വിജയകുമാർ : സർ, കഴിഞ്ഞ ഗവണ്മെന്റിന്റെ കാലത്ത് തിരുവനന്തപുരം നഗരത്തിൽ ഫുട്പാത്തുകളിൽ ആളുകൾക്ക് സഞ്ചരിക്കാൻ കഴിയാതെ വച്ചിരുന്ന ബങ്കുകൾ നീക്കം ചെയ്യുകയുണ്ടായി. അതുപോലെതന്നെ പുറമ്പോക്കുകളിൽ അവരെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി, മുഖ്യമന്ത്രിയായിരുന്ന ശ്രീ. എ.കെ. ആന്റണിയുടെ കാലത്ത് കിഴക്കേകോട്ട കെ.എസ്. ആർ.ടി.സി.യുടെ അൻപത് സെന്റ് സ്ഥലം കൊടുക്കാമെന്ന് അന്ന് ഗവണ്മെന്റ് തീരുമാനമെടുത്തു. ആ പുനരധിവാസ ഏജൻസി കെ.എസ്.ആർ.ടി.സി. വേണമെന്ന് കെ.എസ്.ആർ.ടി.സി.യും കോർപ്പറേഷൻ വേണമെന്ന് കോർപ്പറേഷനും തർക്കമുന്നയിച്ചു, ആ തർക്കം നിലവിലിരിക്കെത്തന്നെ പുതിയ ഗവണ്മെന്റ് വന്നു. തർക്കത്തെത്തുടർന്ന് രണ്ടു കൂട്ടരെയും പുനരധിവസിപ്പിക്കാൻ ഒരു നടപടിയും എടുത്തില്ല. ഗവണ്മെന്റ് ഏത് ഏജൻസി പുനരധിവസിക്കണമെന്ന് തീരുമാനമെടുക്കുകയും ചെയ്തില്ല. അതോടൊപ്പം ഓവർബ്രിഡ്ജ് മുതൽ പഴവങ്ങാടി വരെ ആറുവരിപാതയുടെ നിർമ്മാണവും നടത്തി. അവിടിരുന്ന കടക്കാരേയും ഒഴിപ്പിച്ചു. ആ ഒഴിപ്പിച്ചതിൽ സ്വന്തമായി ഭൂമിയില്ലാത്ത വാടകക്കാരായുള്ളവരും ഉണ്ടായിരുന്നു. കച്ചവടക്കാർക്ക് പുനരധിവാസം കൊടുക്കാമെന്ന് ബഹുമാനപ്പെട്ട മന്ത്രിയുൾപ്പെടെ, ഞങ്ങൾ ഉൾപ്പെടെ എല്ലാപേരും ഇരുന്നു ചർച്ചചെയ്ത് തീരുമാനമെടുത്തതാണ്. പക്ഷേ ഈ ഓവർബ്രിഡ്ജ് ആറുവരിപ്പാതയായതിന്റെ ഫലമായി ഒഴിപ്പിച്ച പഴയ ബങ്ക് കടക്കാരെ പുനരധിവസിപ്പിക്കുന്നതിനുള്ള ഒരു നടപടിയും ഇതേവരെ സ്വീകരിച്ചില്ല. ഗവണ്മെന്റ് അടിയന്തിരമായി ഒരു തീരുമാനമെടുത്ത് അവരെ പുനരധിവസിപ്പിക്കുന്നതിന്, ഇത് ഒരു പ്രത്യേക കേസ് ആയിട്ട് എടുത്ത് നമ്മൾ ഇതു ചെയ്യാം എന്നു തീരുമാനിച്ചതുപ്രകാരം, അതുപോലെതന്നെ കെ.എസ്.ആർ.ടി.സി. സമ്മതിച്ച സ്ഥലം ഇവരെ പുനരധിവസിപ്പിക്കാൻ വിട്ടുകൊടുത്തുകൊണ്ട്, നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് ഞാൻ ആവശ്യപ്പെടുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) : സർ, ഈ വിഷയം പലവട്ടം ഉന്നയിച്ചിട്ടുള്ളതാണ്. ഇതിന് പകരമുള്ള സ്ഥലത്തെ സംബന്ധിച്ച് പല ഓപ്ഷൻസും ഉണ്ടായിരുന്നു. അവസാനം തീരുമാനമെടുക്കാൻ കഴിഞ്ഞില്ല. ട്രിഡയും കോർപ്പറേഷനുമായി ബന്ധപ്പെട്ടാണ് തീരുമാനമെടുക്കേണ്ടത്. അതേപ്പറ്റി ഇനിയും കൂടുതലായിട്ട് ചർച്ചകൾ നടത്തുന്നതാണ്.

(9) അടൂർ എൻജിനീയറിംഗ് കോളേജിൽ പോസ്റ്റ് ഗ്രാഡുവേഷൻ കോഴ്സ് ആരംഭിക്കേണ്ടതു സംബന്ധിച്ച്

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : സർ, 1995-ൽ ആരംഭിച്ച അടൂർ എൻജിനീയറിംഗ് കോളേജ് അതിന്റെ ആദ്യത്തെ ബാച്ച് കാലാവധി പൂർത്തിയാക്കി ഇപ്പോൾ പുറത്തേക്കു വരികയാണ്. ആ കോളേജിൽ ഇപ്പോൾ കമ്പ്യൂട്ട

LIBRARY ARCHIVES Kerala Legislative Assembly